(ബി) ഈ ടേബിളുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഏതെങ്കിലും വകുപ്പുകൾക്ക് കാലേ കൂട്ടി റിസർവ് ചെയ്യാമോ; എങ്കിൽ എന്തടിസ്ഥാനത്തിൽ;

(സി) ഇപ്രകാരം റിസർവ് ചെയ്യുന്നതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചില വിഭാഗങ്ങൾക്ക് ടേബിൾ ഇല്ലാതെ രോഗികളുടെ ശസ്ത്രക്രിയ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടേബിൾ റിസർവ് ചെയ്തുകിട്ടിയ വിഭാഗത്തിലെ കറക്ടീവ് ഓപ്പറേഷൻപോലും ഇത്തരം ടേബിളുകളിൽ ചെയ്തുവരുന്നതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് — 5 ടേബിളുകൾ

ആലപ്പുഴ മെഡിക്കൽ കോളേജ് — 4 ടേബിളുകൾ

കോട്ടയം മെഡിക്കൽ കോളേജ് — 2 ടേബിളുകൾ

തൃശ്ശൂർ മെഡിക്കൽ കോളേജ് — 3 ടേബിളുകൾ

കോഴിക്കോട് മെഡിക്കൽ കോളേജ് — 5 ടേബിളുകൾ

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയാ തീയേറ്ററുകളിൽ ഒരു ടേബിളും കാലേക്കൂട്ടി ഒരു വകുപ്പിനായും റിസർവ് ചെയ്തിട്ടില്ല. രോഗിയുടെ ഗുരുതരാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണ് ശസ്ത്രക്രിയക്ക് മുൻഗണന തീരുമാനിക്കുന്നത്. ഗുരുതരാവസ്ഥയിൽ ഉള്ള ഒരു രോഗിയെ ഏത് വിഭാഗത്തിൽപ്പെട്ട താണെങ്കിലും അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും ശസ്ത്രക്രിയകളെ സംബന്ധിച്ചിടത്തോളം രോഗികൾക്ക് ബുദ്ധിമുട്ട് ഒഴിവാക്കി ശസ്ത്രക്രിയകൾ നടന്നുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റാന്നി താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി

191 [1797] *ശ്രീ. രാജു എബ്രഹാം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ നൂറ്റമ്പത് ബെഡ്ഡുള്ള കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ബജറ്റിൽ ആവശ്യമായ ഫണ്ട് ഉണ്ടായിട്ടും ഭരണാനുമതി നൽകുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിൽ ആരോഗ്യവകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

192 [1798] *ശ്രീ. ഇ. എം. അഗസ്തി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ നിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവയും ഇപ്പോൾ നടപ്പിലാക്കി വരുന്നവയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയും ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ നിന്നും ആർ. സി. എച്ച്. പ്രോഗ്രാമിൽ ഉൾപ്പെടുത്തി 5 പി. എച്ച്. സി. കളിൽ പ്രസവമുറി നവീകരണവും 3 സി. എച്ച്. സി. കളിൽ പ്രസവമുറിയും ഓപ്പറേഷൻ തീയേറ്റർ നവീകരണവും പൂർത്തിയാക്കി. രാജാക്കാട് സി. എച്ച്. സി. യിൽ 20 ബെഡ് വാർഡ് പണി പൂർത്തീകരിച്ചു. തൊടുപുഴ താലൂക്കാശുപത്രിയിൽ 150 ബെഡ് പുതിയ കെട്ടിടം കമ്മീഷൻ ചെയ്തു. ഇടുക്കി ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടവും രണ്ടാം ബ്ലോക്കും പൂർത്തിയാക്കി. പെരുവന്താനം പി. എച്ച്. സി. യിൽ 10 ബെഡ് വാർഡ് പണി കഴിപ്പിച്ചു. 13 സ്ഥാപനങ്ങളിൽ അധിക തസ്തികകൾ അനുവദിച്ചു. 5 സ്ഥാപനങ്ങളിൽ ഐ. പി. ആരംഭിച്ചു. കൂടാതെ ഇടുക്കി ജില്ലയിൽ 2 പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചു. തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രിയിൽ എക്സ്റേ സൗകര്യം ഏർപ്പെടുത്തി.

ജില്ലയിലെ 33 ഹോമിയോ ഡിസ്പെൻസറികൾക്ക് പ്രാഥമിക ലാബ് ടെസ്റ്റിംഗ് ഉപകരണങ്ങൾ ലഭ്യമാക്കി. കൂടാതെ ആശുപത്രികളിൽ ട്രാക്ഷൻ യൂണിറ്റ്, ഇ. സി. ജി. മെഷീൻ, ഓക്സിജൻ സിലിണ്ടർ എന്നിവ ലഭ്യമാക്കി. തൊടുപുഴ ആശുപത്രിയിൽ പ്രത്യേകം ഹോമിയോപ്പതി സോഫ്റ്റ് വെയറും പുഷ്പകണ്ടം ആശുപത്രിയിൽ ലാബ് സോഫ്റ്റ് വെയറോടുകൂടിയ കമ്പ്യൂട്ടർ സംവിധാനവും ലഭ്യമാക്കി.

(ബി) ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്നവയെല്ലാം പൂർത്തിയാക്കിയവയാണ്. ആരോഗ്യവകുപ്പ് (അലോപ്പതി) മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly